# പ്രാർത്ഥന ക്രിസ്തീയ ജീവിതത്തിൽ

ഫാ.ജോർജ് ദാനവേലിൽ

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ നാലാഭാഗം ക്രൈസ്തവ പ്രാർത്ഥനയെക്കുറിച്ചാണു പ്രതിപാദിക്കുക. വി.ഗ്രന്ഥത്തിന്റെയും സഭാപിതാക്കൻമാരുടെ പ്രബോധനങ്ങളുടെയും വിശുദ്ധജീവിതം നയിച്ചുകടന്നുപോയ വിശുദ്ധാത്മാക്കളുടെ ജീവിതസാക്ഷ്യത്തിന്റെയും അടിസ്ഥാനത്തിലാണു പ്രാർത്ഥനയെക്കുറിച്ചു വിശദീകരിക്കുക. പ്രാർത്ഥന ക്രിസ്തീയ ജീവിതത്തിൽ, കർത്തൃപ്രാർത്ഥന എന്നിങ്ങനെ രണ്ടു ഉപവിഭാഗങ്ങളായി നാലാഭാഗം തിരിച്ചിരിക്കുന്നു.

പ്രാർത്ഥനയെക്കുറിച്ചുള്ള പൊതുവായ വിവരണമാണ് ഒന്നാംഭാഗം നല്കുക. മൂന്ന് അദ്ധ്യായങ്ങളുള്ള ഈ ഉപവിഭാഗം പ്രാർത്ഥനയുടെ പാരമ്പര്യങ്ങൾ, പ്രാർത്ഥനയുടെ മാർഗ്ഗം, പ്രാർത്ഥനയുടെ വഴികാട്ടികൾ, പ്രാർത്ഥനാജീവിതം, പ്രാർത്ഥനയുടെ ആവിഷ്ക്കാരങ്ങൾ, പ്രാർത്ഥനയാകുന്ന പോരാട്ടം, യേശുവിന്റെ പുരോഹിതപ്രാർത്ഥന എന്നിവയെക്കുറിച്ചു പ്രതിപാദിക്കുന്നു.

“എന്നെ സംബന്ധിച്ചിടത്തോളം ഹൃദയത്തിന്റെ അലയടിയാണ് പ്രാർത്ഥന, സ്വർഗത്തിലേക്കുള്ള ലളിതമായ ഒരു നോട്ടം; പരീക്ഷണത്തിന്റെയും സന്തോഷത്തിന്റെയുമിടയിൽ നന്ദിയുടെയും സ്നേഹത്തിന്റെയും നലവിളിയാണത്” എന്ന കൊച്ചുത്രേസ്യായുടെ നിർവ്വചനമാണ് പ്രാർത്ഥനയുടെ നിർവ്വചനമായി മതബോധനഗ്രന്ഥത്തിൽ നല്കിയിരിക്കുന്നത്. ദൈവത്തിലേക്കുള്ള ആത്മാവിന്റെ ഉയർത്തലോ ദൈവത്തോട് അവിടുത്തെ ഇഷ്ടത്തിനു ചേർന്ന വിധം അനുഗ്രഹങ്ങൾ ചോദിക്കലോ ആണ് പ്രാർത്ഥന. ഇത് ദൈവത്തിന്റെ ദാനമാണ്. ദൈവവും മനുഷ്യനും തമ്മിൽ ക്രിസ്തുവിലുള്ള ഉടമ്പടിബന്ധമാണു ക്രൈസ്തവപ്രാർത്ഥന (2559–2564). അനന്തനൻമയായ പിതാവിനോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടും പരിശുദ്ധാത്മാവിനോടും ദൈവമക്കൾക്കുള്ള സജീവബന്ധമാണ് പുതിയ ഉടമ്പടിയിൽ പ്രാർത്ഥന (2565) എന്നു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു.

ജീവിക്കുന്നവനായ സത്യദൈവം പ്രാർത്ഥനയാകുന്ന നിഗൂഢസമാഗമത്തിന് എല്ലാ മനുഷ്യരെയും അക്ഷീണം ക്ഷണിക്കുന്നതിനാൽ പ്രാർത്ഥനയ്ക്കായുള്ള സാർവ്വത്രികവിളി ഉണ്ട് എന്ന് മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. പഴയനിയമത്തിലെ പ്രാർത്ഥനയുടെ വെളിപാടിനെക്കുറിച്ചുപ്രതിപാദിക്കുമ്പോൾ പ്രാർത്ഥനയുടെ മാതൃകയായ അബ്രാഹം (2570–2573) മോശയുടെ മദ്ധ്യസ്ഥ പ്രാർത്ഥന (2574–2577) ദാവീദ് രാജാവിന്റെ പ്രാർത്ഥന (2578–2580) ഏലിയാപ്രവാചകന്റെ പ്രാർത്ഥന (2581–2584) സങ്കീർത്തനങ്ങൾ (2585–2589)

എന്നിവയുടെ വിവരണത്തിലൂടെ പഴയനിയമത്തിലെ വിവിധതരം പ്രാർത്ഥനകളെക്കുറിച്ചു മതബോധനഗ്രന്ഥം വിശദീകരിക്കുന്നു.

യേശുവിന്റെ പുത്രസഹജമായ പ്രാർത്ഥന പുതിയനിയമത്തിലെ പ്രാർത്ഥനയുടെ ഉത്തമമാതൃകയാണ്. പലപ്പോഴും ഏകാന്തതയിലും രഹസ്യമായും അർപ്പിക്കപ്പെടുന്ന യേശുവിന്റെ പ്രാർത്ഥന, പിതാവിന്റെ തിരുമനസ്സിനോടുള്ള സ്നേഹനിർഭരവും കുരിശുമരണത്തോളമുള്ള വിധേയത്വവും ശ്രവിക്കപ്പെടുമെന്നുള്ള സമ്പൂർണ്ണബോധ്യവും ഉൾക്കൊള്ളുന്നു (2620). സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനവഴി മാത്രമല്ല, തന്റെ പ്രാർത്ഥനാമാതൃക വഴിയും യേശു നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നു. നിർമ്മല ഹൃദയത്തോടും സജീവവും സുസ്ഥിരവുമായ വിശ്വാസത്തോടും പുത്രസഹജമായ ധീരതയോടും കൂടി പ്രാർത്ഥിക്കാനാണു ഈശോ തന്റെ ശിഷ്യൻമാരെ പഠിപ്പിച്ചത്. നമ്മുടെ പ്രാർത്ഥന വിശ്വാസത്തിൽ ഈശോ യുടേതിനോട് ഐക്യപ്പെട്ടിരിക്കുന്നതിനാൽ അത് ഫലദായകമാണ്. തന്റെ നാമത്തിൽ ദൈവസമക്ഷം അപേക്ഷകൾ സമർപ്പിക്കാനാണ് ഈശോ ആഹ്വാനം ചെയ്തത് (യോഹ 16:24).

മറിയം എങ്ങനെ പ്രാർത്ഥിക്കുന്നുവെന്നും എങ്ങനെ വിശ്വാസത്തിൽ മാധ്യസ്ഥ്യം വഹിക്കുന്നുവെന്നും സുവിശേഷം വിശദീകരിക്കുന്നു. സുവിശേഷത്തിൽ വിവരിക്കുന്ന കാനായിലെ കല്യാണവിരുന്നിലെ മറിയത്തിന്റെ മാധ്യസ്ഥ്യവും മറിയത്തിന്റെ സ്തോത്ര ഗീതവും മാതാവിന്റെ പ്രാർത്ഥനയുടെ മാതൃകകളാണ്. മറിയത്തിന്റെ പ്രാർത്ഥന വിശ്വാസത്താലും തന്റെ അസ്തിത്വം മുഴുവൻ ഔദാര്യപൂർവ്വം ദൈവത്തിനു സമർപ്പിക്കാൻ തയ്യാറായതിനാലും സവിശേഷതകൾ നിറഞ്ഞതാണെന്നു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു.

സഭയെ പഠിപ്പിക്കുകയും യേശു പറഞ്ഞതെല്ലാം സഭാസമൂഹത്തെ ഒർമ്മിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവാണു പ്രാർത്ഥനാജീവിതത്തിൽ സഭയ്ക്കു പരിശീലനം നല്കുക. അപ്പസ്തോലികകാലം മുതൽ ഉപയോഗിച്ചിരുന്നതും അപ്പസ്തോലികവും കാനോനികവുമായ വി.ഗ്രന്ഥങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ടതുമായ ക്രൈസ്തവ പ്രാർത്ഥന രീതികളെക്കുറിച്ചും മതബോധനഗ്രന്ഥം പ്രതിപാദിക്കുന്നു: സ്തുതിപ്പും ആരാധനയും, യാചനാപ്രാർത്ഥന, മധ്യസ്ഥപ്രാർത്ഥന, കൃതജ്ഞതാപ്രകാശന പ്രാർത്ഥന, സ്തുതിയുടെ പ്രാർത്ഥന (2626–2649). ക്രിസ്തുവിന്റെ അത്യുൽകൃഷ്ഠജ്ഞാനം നമുക്കു നല്കുന്ന ദൈവവചനവും രക്ഷയുടെ രഹസ്യം പ്രഖ്യാപിക്കുകയും യാഥാർത്ഥ്യമാക്കുകയും ചെയ്യുന്ന ആരാധനക്രമവും ദൈവിക സുകൃതങ്ങളും നമുക്കു ദൈവത്തെ കണ്ടെത്താൻ കഴിയുന്ന ദൈനംദിന സാഹചര്യങ്ങളും ക്രൈസ്തവ പ്രാർത്ഥനയുടെ ഉറവിടങ്ങളായി മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (2652–2660). ചരിത്രപരവും, സാമൂഹികവും സാംസ്കാരികവുമായ വിവിധസാഹചര്യങ്ങളോടു ബന്ധപ്പെട്ടു

സഭയിൽ പ്രാർത്ഥനയുടെ വിവിധമാർഗ്ഗങ്ങൾ ഉണ്ടായി. ഈ പ്രാർത്ഥനാരീതികൾക്ക് അപ്പസ്തോലിക വിശ്വാസത്തിന്റെ പാരമ്പര്യത്തോടു വിശ്വാസ്തതയുണ്ടോയെന്നു വിവേചിച്ചറിയുക എന്ന ചുമതല സഭയുടെ പ്രബോധനാധികാരത്തിനാണ്. നമ്മുടെ പ്രാർത്ഥന പ്രധാനമായും ദൈവപിതാവിനോടുള്ളതാണ്. ഇത് യേശുവിനോടുള്ളതുമാകാം. ക്രൈസ്തവപ്രാർത്ഥനയുടെ ആന്തരികഗുരു പരിശുദ്ധാത്മാവാണ്. കാരണം പരിശുദ്ധാത്മാവില്ലാതെ ആർക്കും യേശു കർത്താവാണ് എന്നു പറയുവാനാവില്ല.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടുള്ള മറിയത്തിന്റെ അസാധാരണമായ സഹകരണംകൊണ്ടു തികവുറ്റവിധം പ്രാർത്ഥിക്കുന്ന മറിയത്തോടുപ്രാർത്ഥിക്കാനും മറിയത്തോടുകൂടെപ്രാർത്ഥിക്കാനും സഭപഠിപ്പിക്കുന്നു. വിശുദ്ധർ നമുക്കു പ്രാർത്ഥനയുടെ വഴികാട്ടികൾ ആണ്. നമുക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും മാധ്യസ്ഥ്യം വഹിക്കാൻ നമുക്ക് അവരോടു അഭ്യർത്ഥിക്കാൻ കഴിയും. ക്രൈസ്തവകുടുംബമാണ് പ്രാർത്ഥനയുടെ പ്രഥമ പാഠശാല. അഭിഷിക്തരായ ശുശ്രൂഷകരുടെയും സമർപ്പിത ജീവിതം നയിക്കുന്നവരുടെയും പ്രവർത്തനങ്ങളും വിശ്വാസപരിശീലനവും പ്രാർത്ഥനാ സമൂഹങ്ങളുടെ പ്രവർത്തനവുമെല്ലാം പ്രാർത്ഥനയുടെ പഠനക്കളരിയും പ്രാർത്ഥനയ്ക്കു സഹായവുമാകണമെന്നു മതബോധനഗ്രന്ഥം നിർദ്ദേശിക്കുന്നു. എവിടെയും പ്രാർത്ഥിക്കാമെങ്കിലും ആരാധനക്രമപ്രാർത്ഥനയ്ക്കും പരിശുദ്ധകുർബാനയുടെ ആരാധനയ്ക്കും ഏറ്റവും യോജിച്ചസ്ഥലം ഇടവകദൈവാലയമാണ്. ക്രൈസ്തവകുടുംബങ്ങളിലുണ്ടായിരിക്കേണ്ട പ്രാർത്ഥനാസ്ഥലത്തെക്കുറിച്ചും (പ്രാർത്ഥനാമുറി) വിശ്വാസികളുടെ പ്രാർത്ഥനജീവിതത്തിൽ സന്യാസസമൂഹങ്ങളുടെ ദൗത്യത്തെക്കുറിച്ചും തീർത്ഥാടനകേന്ദ്രങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും മതബോധനഗ്രന്ഥം വിശദീകരിക്കുന്നു.

ക്രൈസ്തവപാരമ്പര്യത്തിലെ മൂന്നു സുപ്രധാന പ്രാർത്ഥനാ സമ്പ്രദായങ്ങളായ വാചികപ്രാർത്ഥന, ധ്യാനം, ധ്യാനയോഗ പ്രാർത്ഥന എന്നിവയെക്കുറിച്ചു മതബോധനഗ്രന്ഥം സവിസ്തരം പ്രതിപാദിക്കുന്നു. പ്രാർത്ഥന കൃപാവരത്തിന്റെ ദാനവും നമ്മുടെ ഭാഗത്തു നിന്നുള്ള പ്രത്യുത്തരവുമാണ്. അതിനാൽ പ്രാർത്ഥന ഒരു പരിശ്രമവും നമുക്കുതന്നെ എതിരായും പ്രലോഭകന്റെ കുതന്ത്രങ്ങൾക്കുമെതിരായുള്ള ഒരു പോരാട്ടവുമാണ്. പ്രാർത്ഥനയെക്കുറിച്ചുള്ള തെറ്റായ ചിന്താഗതികളെക്കുറിച്ചും പ്രാർത്ഥനാജീവിതത്തിൽ ഉണ്ടാകുന്ന വൈഷമ്യങ്ങളെ നേരിടേണ്ടതെങ്ങനെയന്നും പുത്രസഹജമായ വിശ്വാസത്തോടെ പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഈശോയുടെ പുരോഹിതപ്രാർത്ഥനയെക്കുറിച്ചും വിശദീകരിച്ചുകൊണ്ടാണ് മതബോധനഗ്രന്ഥത്തിന്റെ നാലാംഭാഗത്തിന്റെ ഒന്നാം ഉപവിഭാഗം അവസാനിക്കുന്നത്.